# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No.181/71, Koottapuram Road, Thrissur-4**
**(Affiliated to C.I.T.U.No.K.1128)**
**Email: ksfesacitusc@gamil.com, Web: www.ksfesa.com**

| President | General Secretary |
|---|---|
| **Elamaram Kareem** | **S.Muraleekrishnapillai** |
| **Mob: 9400307786** | **Mob: 9446538432** |


സർക്കുലർ 1/2016

സഖാക്കളേ,

നമ്മുടെ സംഘടനയുടെ 28–ാം സംസ്ഥാനസമ്മേളനം 2016 ഡിസംബർ 10, 11 തീയതികളിലായി സ: സി.സി. ലൈല നഗറിൽ (റബ് കോ ആഡിറ്റോറിയം, കണ്ണൂർ) നടന്നു. രാവിലെ 9–ന് രജിസ്ട്രേഷനും തുടർന്ന് 10–ന് ബാൻഡ് മേളത്തിന്റെ അകമ്പടിയോടെയും വർണാഭയോടെയും നഗരം ചുറ്റി പ്രകടനവും നടന്നു. സമ്മേളന നഗരിയിൽ സംഘടന യുടെ സംസ്ഥാനപ്രസിഡന്റ് സ: എ.കെ. ബാലൻ രക്തപതാക ഉയർത്തി. പ്രതിനിധി സഖാ ക്കൾ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചനനടത്തി. തുടർന്ന് തിമിരി ഇ.എം.എസ്. കലാസാംസ്കാരിക വേദിയിലെ കുട്ടികൾ സ്വാഗതഗാനം ആലപിച്ചു. സമ്മേളനം **CITU** ദേശീയ വൈസ് പ്രസിഡന്റ് സ: കെ.ഒ. ഹബീബ് ഉദ്ഘാടനം ചെയ്തു. സ: എ.കെ. ബാലൻ അധ്യക്ഷത വഹിച്ചു. സാന്ത്വനപരിചരണ രംഗത്ത് മികവുറ്റ പ്രവർത്തനം നടത്തുന്ന കണ്ണൂർ ഐ.ആർ.പി.സി.യ്ക്കുള്ള സംഘടനയുടെ ധനസഹായം ഉപദേശക സമിതി ചെയർമാൻ സ: പി.ജയരാജൻ ഏറ്റുവാങ്ങി. കെ.എസ്.എഫ്.ഇ. ഓഫിസേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി സ:ജി.തോമസ് പണിക്കർ, കെ.എസ്.എഫ്.ഇ. ഏജന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സ: എൻ.സുന്ദരംപിള്ള, കെ.എസ്.എഫ്.ഇ. ഗോൽഡ് അപ്രൈസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സ: ആർ ആനന്ദസ്വാമി, കെ.എസ്.എഫ്.ഇ. റിട്ട യേർഡ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി സ: സി.എ. ജോണി എന്നിവർ സംസാരിച്ചു. സ്വാഗതസംഘം ചെയർമാൻ സ: എം.വി.ജയരാജൻ സ്വാഗതവും ജനറൽ കൺവീനർ സ: ടിസി.രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു.

ഉച്ചയ്ക്കുശേഷം 'വർഗീയതയും വർഗപ്രസ്ഥാനവും' എന്ന വിഷയത്തിൽ സെമിനാർ നടന്നു. സി.ഐ.ടി.യു സംസ്ഥാനപ്രസിഡന്റ് സഃ ആനത്തലവട്ടം ആനന്ദൻ വിഷയം അവതരിപ്പിച്ചു. സഃ എം.വി.ജയരാജൻ മോഡറേറ്ററായിരുന്നു. സഃ പി.കെ. പ്രേംനാഥ് സംസാരിച്ചു. ജനറൽ സെക്രട്ടറി എസ്.മുരളീകൃഷ്ണപിള്ള സ്വാഗതവും ജോയിന്റ് സെക്രട്ടറി സഃ പി.ദേവദാസ് നന്ദിയും പറഞ്ഞു.

വൈകിട്ട് 6 – ന് ചേർന്ന പ്രതിനിധി സമ്മേളനത്തിൽ സഃഎ.കെ.ബാലൻ അധ്യക്ഷത വഹിച്ചു. ട്രഷറർ എസ്.ശിവദാസൻ രക്തസാക്ഷി പ്രമേയവും വൈസ് പ്രസിഡന്റ് സഃ എ.മുഹമ്മദ് ഇക്ബാൽ അനുശോചനപ്രമേയവും അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി എസ്.മുരളികൃഷ്ണപിള്ള പ്രവർത്തനറിപ്പോർട്ടും സംഘടനാ രേഖയും അവതരിപ്പിച്ചു. ട്രഷറർ എസ്.ശിവദാസൻ വരവ്–ചെലവ് കണക്കവതരിപ്പിച്ചു. 30 വനിതകളുൾപ്പെടെ 305 പ്രതിനിധികൾ പങ്കെടുത്തു. തുടർന്ന് ഗ്രൂപ്പു ചർച്ച ആരംഭിച്ചു.

രണ്ടാം ദിവസ സമ്മേളനം ഡിസംബർ 11 – ന് രാവിലെ 9 മണിക്ക് ആരംഭിച്ചു. 9 മണി മുതൽ 1 മണിവരെ പൊതുചർച്ച നടന്നു. 13 ജില്ലാ കമ്മിറ്റികളെ പ്രതിനിധീകരിച്ച് 5 വനിതകളുൾപ്പെടെ 33 പേർ ചർച്ചയിൽ പങ്കെടുത്തു. റിപ്പോർട്ടിന്മേലും സംഘടനാ രേഖയിലും വരവ്–ചെലവ് കണക്കിന്മേലും ഉയർന്നുവന്ന നിർദേശങ്ങൾക്കും വിമർശനങ്ങൾക്കും ജനറൽ സെക്രട്ടറിയും ട്രഷററും മറുപടി പറഞ്ഞു. തുടർന്ന് പ്രവർത്തനറിപ്പോർട്ടും സംഘടനാ രേഖയും സമ്മേളനം ഐകകണ്ഠേന അംഗീകരിച്ചു. വരവ്–ചെലവ് കണക്കും സമ്മേളനം ഭൂരിപക്ഷ തീരുമാനപ്രകാരം അംഗീകരിച്ചു. ക്രഡൻഷ്യൽ കമ്മറ്റിയ്ക്കുവേണ്ടി സഃ എ.വി. മനോജ് ക്രഡൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു.

സമ്മേളനം മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് കണ്ണൂരിലെ പൊതു വിപ്ലവ പ്രസ്ഥാനവും സി.ഐ.ടി.യു.വും സഹോദര സംഘടനകളും ആത്മാർത്ഥമായ സഹകരണമാണ് നൽകിയത്. ഓഫീസേഴ്സ് യൂണിയൻ നേതാക്കന്മാരും പ്രവർത്തകരും സംഘടനത്തിൽ മാതൃകാപരമായ സഹകരണമാണ് നൽകിയത്. സി.ഐ.ടി.യു. ജില്ലാ ജനറൽ സെക്രട്ടറിയും സ്വാഗത സംഘം ചെയർമാനുമായ സഃ എം.വി.ജയരാജന്റെ നേതൃത്വത്തിലുള്ള സ്വാഗതസംഘം സമ്മേളനസംഘാടനത്തിന്റെ ആദ്യന്തം നേതൃത്വപരമായ ചുമതലയേറ്റുകൊണ്ട് സമ്മേളനം വിജയിപ്പിക്കുന്നതിൽ നിസ്തുലമായ പങ്കാണ് വഹിച്ചത്.

**സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ**

1. ഭക്ഷണത്തിന്റെയും അഭിപ്രായ സ്വാതന്ത്യത്തിന്റെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും പേരിൽ മനുഷ്യരെ കൊല്ലുകയും നിശബ്ദരാക്കുകയും ചെയ്യുന്ന വർഗീയവാദികളുടെ നടപടികൾക്കെതിരെ രാജ്യത്തെ തൊഴിലാളി– കർഷക – കർഷകത്തൊഴിലാളികളുടെ – ഐക്യനിരയിൽ അണിചേരാൻ എല്ലാ ജീവനക്കാരോടും സമ്മേളനം ആഹ്വാനം ചെയ്യുന്നു.

2. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ, നടത്തിയ അശാസ്ത്രീയമായ നോട്ടു അസാധുവാക്കൽ നടപടി രാജ്യത്തെ സാമ്പത്തിക – വ്യവസായ മേഖലകളെ പിന്നോട്ടടിപ്പിക്കുന്നതിനും തൊഴിലാളികളുടെ വ്യാപകമായ പിരിച്ചുവിടലിനും ഇടയാക്കിയിരിക്കുന്നു. കെ.എസ്.എഫ്.ഇ.യുടെ വരുമാനത്തെയും നടപടി പ്രതികൂലമായി ബാധിക്കുകയാണ്. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത സംരക്ഷിക്കുന്നതിനാവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോടു ആവശ്യപ്പെടുന്നു.

3. **GST** ബിൽ നിയമമാക്കുമ്പോൾ, ചിട്ടിയുടെ സർവ്വീസ് ടാക്സ് ഒഴിവാക്കുകയോ, ചിട്ടി സർവ്വീസ് ടാക്സ് ഏറ്റവും കുറഞ്ഞ നികുതി നിരക്കുള്ള സ്ലാബിൽ ഉൾപ്പെടുത്തുകയോ ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെടുന്നു. **GST** കൗൺസിലിൽ ഈ വിഷയം ഉയർത്തണമെന്ന് കേരളാ സർക്കാരിനോട് ആവശ്യപ്പെടുന്നു.

4. ചിട്ടി സെക്യൂരിറ്റി നിക്ഷേപം ശാഖാ മാനേജരുടെ പേരിൽ നിക്ഷേപിക്കുന്നതിനും പലിശ എടുക്കുന്നതിനുമുള്ള ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് ചിട്ടി റൂൾ ഭേദഗതി ചെയ്യണമെന്ന് കേരളാ സർക്കാരിനോട് ആവശ്യപ്പെടുന്നു.

5. 01 – 09 – 2014 – ന് ശേഷം സർവ്വീസിൽ പ്രവേശിച്ച 15,000/– രൂപയിൽ കൂടുതൽ ശമ്പളമുള്ള ജീവനക്കാരെ EPS'95 പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. പ്രസ്തുത പ്രശ്നം ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ യോഗം വിളിക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

6. 50,000/– രൂപ മുതൽ പ്രതിമാസ തവണയുള്ള 'High Denomination' ചിട്ടികൾക്ക് നിയന്ത്രണമേർപ്പെടുത്തണമെന്നും ശാഖകൾക്കുള്ള ചിട്ടി ടാർഗറ്റ് നിശ്ചയിക്കുമ്പോൾ സലയോടൊപ്പം വരിക്കാരുടെ എണ്ണത്തിനും ടാർഗറ്റ് നിശ്ചിയ്ക്കണമെന്നും മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

7. ഡോർ കളക്ഷൻ സംവിധാനം ശാസ്ത്രീയമായ പഠനം നടത്തി കുറ്റമറ്റതാക്കുകയും ഡോർ കളക്ഷൻ ഏജന്റുകൾക്ക് സിമ്പ്യൂട്ടർ വിതരണം ചെയ്യണമെന്നും മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

8. കെ.എസ്.എഫ്.ഇ. ഓൺലൈൻ ആക്കുന്നതിനുള്ള പ്രവർത്തനങ്ങളിലെ പാളിച്ചകളും അപാകതകളും അടിയന്തിരമായി പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കണമെന്ന് മാനേജ്മെന്റിനോടും കേരളാ സർക്കാരിനോടും ആവശ്യപ്പെടുന്നു.

9. **CSR** ഫണ്ട് വിനിയോഗത്തിന് വ്യക്തമായ മാനദണ്ഡം രൂപീകരിക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

10. കേന്ദ്ര ചിട്ടി നിയമം ലംഘിച്ചും, ചിട്ടിയെന്ന പേരുമാറ്റി ഉപയോഗിച്ചും നടത്തുന്ന അനധികൃത ചിട്ടികൾക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര – സംസ്ഥാനസർക്കാരുകളോടാവശ്യപ്പെടുന്നു.

11. **K.S.F.E.** ജീവനക്കാരുടെ സാംസ്കാരിക കൂട്ടായ്മയായ **FESCA** പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

12. മിനിട്ട്സ് ഫയലിംഗ്, ബാലൻസ് ഷീറ്റ് ഫയലിംഗ്, ചിട്ടി രജിസ്ട്രേഷൻ എന്നിവ **Online** ആയി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ **K.S.F.E.** മാനേജ്മെന്റിനോടും കേരളാ സർക്കാരിനോടും ആവശ്യപ്പെടുന്നു.

13. ജീവനക്കാരുടെ ഗ്രേഡ് പ്രമോഷനുകൾ എത്രയും വേഗം നൽകണമെന്നും തുടർന്നും ഗ്രേഡ് പ്രമോഷനുകൾ സമയബന്ധിതമായി നൽകണമെന്നും മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

14. പുതിയ ജീവനക്കാർക്ക് ഗ്രൂപ്പ് ഘടകങ്ങൾ നിർത്തലാക്കിയ മാനേജ്മെന്റിന്റെ നിലപാട് തിരുത്തണമെന്നാവശ്യപ്പെടുന്നു.

15. ശാഖകളുടെ സുരക്ഷിതത്വത്തിന് സെക്യൂരിറ്റി ഗാർഡുകളെ ശാഖകളിൽ വിന്യസിക്കണമെന്നാവശ്യപ്പെടുന്നു.

16. 2012 ആഗസ്റ്റു മുതലുള്ള ശമ്പള കുടിശിക അടിയന്തിരമായി വിതരണം ചെയ്യണമെന്ന് **K.S.F.E.** മാനേജ്മെന്റിനോടും കേരളാ സർക്കാരിനോടും ആവശ്യപ്പെടുന്നു.

17. റീജിയണൽ ഓഫീസുകൾക്ക് കീഴിൽ ബ്രാഞ്ചുകളെ അശാസ്ത്രീയമായ രീതിയിൽ ഉൾപ്പെടുത്തിയത് പുന: പരിശോധിക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

18. **Morning** ശാഖകളും **Morning-Cum-Evening** ശാഖകളും ആരംഭിക്കുക.

19. സാധ്യതാ പഠനം നടത്തി സാധ്യതയുള്ള സ്ഥലങ്ങളിൽ ശാഖകൾ ആരംഭിക്കുക.

20. കേരളത്തിലെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് ജില്ലയ്ക്ക് റീജിയണൽ ഓഫീസ് അനുവദിക്കുക.

21. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി **E-** കളക്ഷൻ മാർഗ്ഗങ്ങൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തി ഇടപാടുകൾക്ക് മെച്ചപ്പെട്ട സൗകര്യം നൽകുക. കൂടാതെ കണ്ണൂർ – കാസർകോട് ജില്ലാ കമ്മിറ്റി വിഭജിച്ച് കാസർകോട് പുതിയ ജില്ലാ കമ്മിറ്റി രൂപീകരിയ്ക്കാനുള്ള പ്രമേയവും സമ്മേളനം അംഗീകരിച്ചു.

സംസ്ഥാനകമ്മിറ്റി അംഗങ്ങളുടെ എണ്ണം 27 – ൽ നിന്നും 28 – ആയി ഉയർത്താനുള്ള നിർദേശം സമ്മേളനം ഐകകണ്ഠേനഅംഗീകരിച്ചു. തുടർന്ന് ചുവടെ കൊടുക്കുന്ന 28 അംഗ സംസ്ഥാനകമ്മിറ്റിയെയും 15 അംഗ വനിതാ സബ് കമ്മിറ്റിയെയും സമ്മേളനം ഐകകണ്ഠേന തെരഞ്ഞെടുത്തു.

| | | |
|---|---|---|
| 1. സ: എളമരം കരീം **Ex-MLA** | | പ്രസിഡന്റ് |
| 2. സ: ദേവദാസ്. പി. | കൊല്ലങ്കോട് | വൈസ് പ്രസിഡന്റ് |
| 3. സ: ശ്രീനിമോൾ. ടി. എം. | എസ്. എൽ. പുരം | വൈസ് പ്രസിഡന്റ് |
| 4. സ:എസ്. മുരളീകൃഷ്ണപിള്ള | ആനന്ദവല്ലീശ്വരം | ജനറൽ സെക്രട്ടറി |
| 5. സ: ഷുബി അലി. എം | ഉള്ളൂർ | ജോയിന്റ് സെക്രട്ടറി |
| 6. സ: സജു. എസ്. | റീജിയണൽ ഓഫീസ്, കോട്ടയം | ജോയിന്റ് സെക്രട്ടറി |
| 7. സ: രാധാകൃഷ്ണൻ. ടി. സി. | പയ്യന്നൂർ | ട്രഷറർ |
| 8. സ: എ. കെ. ബാലൻ **MLA** | | സംസ്ഥാനകമ്മിറ്റിയംഗം |
| 9. സ: സതീഷ്. ബി | നെയ്യാറ്റിൻകര ഈവനിംഗ് | " |
| 10. സ: പ്രദീപ്. വി. എൽ. | നെയ്യാറ്റിൻകര മെയിൻ ശാഖ | " |
| 11. സ: കവിതാരാജ്. എൽ | തിരുവനന്തപുരം മെയിൻ ശാഖ | " |
| 12. സ: അരുൺ ശ്രീധർ | റീജയണൽ ഓഫീസ് കൊല്ലം | " |
| 13. സ: ലീന. എസ്. | കൊട്ടാരക്കര മെയിൻ | " |
| 14. സ: അനിൽകുമാർ. പി. വി. | പത്തനംതിട്ട – II | " |
| 15. സ: മുഹമ്മദ് ഇക്ബാൽ. എ | **SDT (R.R),** ആലപ്പുഴ | " |
| 16. സ: മാത്യൂസ് മാത്യു | തൊടുപുഴ മെയിൻ | " |

| | | | |
|---|---|---|---|
| 17. | സ: മുഹമ്മദ് ഹുസൈൻ | **SDT(R.R),** കോട്ടയം | സംസ്ഥാനകമ്മിറ്റിയംഗം |
| 18. | സ: മനോജ്. എ. വി. | പെരുമ്പാവൂർ – II | " |
| 19. | സ: നീന. എൻ | കളമശ്ശേരി | " |
| 20. | സ: വിജയകുമാർ. ബി. എസ്. | **H.O.**, തൃശ്ശൂർ | " |
| 21. | സ: ജ്യോതിനാഥൻ. കെ. എസ്. | **H.O.,** തൃശ്ശൂർ | " |
| 22. | സ: സുജിത. എസ്. എ. | **H.O.**, തൃശ്ശൂർ | " |
| 23. | സ: സുരേഷ്കുമാർ. ആർ | വടക്കാഞ്ചേരി | " |
| 24. | സ: പി. കെ. ലക്ഷ്മണൻ | വളാംഞ്ചേരി | " |
| 25. | സ: ശശി. സി. | കല്ലായ് റോഡ് | " |
| 26. | സ: ഹംസ പൊക്കാരി | നരിക്കുനി | " |
| 27. | സ: മനോജ്. ഇ. വി. | റീജയണൽ ഓഫീസ്,കണ്ണൂർ | " |
| 28. | സ: ജസിൽ കുമാർ. വി. കെ. | പടിഞ്ഞാറെ തറ | " |

## വനിതാ സബ് കമ്മിറ്റി

**ചെയർ പേഴ്സൺ : സ: ശ്രീനിമോൾ. ടി. എം.**

**കൺവീനർ : സ: നിസാ. ഇ ശാസ്താംകോട്ട**

**അംഗങ്ങൾ**

| | | | |
|---|---|---|---|
| 1. | ഓമന. കെ | – | തളിപ്പറമ്പ് |
| 2. | നിഷാ ബായി. എ. കെ. | – | റീജയൺ ഓഫീസ്, കോഴിക്കോട് |
| 3. | റീത്ത. പി. | – | അമ്പലവയൽ |
| 4. | ബൈജിമോൾ. പി. ബി. | – | പെരിന്തൽമണ്ണ |
| 5. | സജില. സി. ബി. | – | ഒലവക്കോട് |
| 6. | ജയ. കെ. കെ. | – | റീജയണൽ ഓഫീസ്, തൃശ്ശൂർ |
| 7. | അജിതകുമാരി. ടി. ആർ. | – | വൈറ്റില |
| 8. | ദീപാലക്ഷ്മി. എസ്. | – | തൊടുപുഴ മെയിൻ |
| 9. | ജയതി ജയപാൽ | – | പൊൻകുന്നം |
| 10. | രമണി രാജൻ | – | മാന്നാർ |
| 11. | നജീഫ. എസ്. | – | വെൺമണി |
| 12. | ഷാനിമോൾ. എ | – | കേരളപുരം |
| 13. | ജ്യോത്സ്നാ. വി. കുമാർ | – | റീജണൽ ഓഫീസ്, തിരുവനന്തപുരം |

**വൈകുന്നേരം 4.30 ന് സമ്മേളനം സമാപിച്ചു**

**അഭിവാദ്യങ്ങളോടെ...**

**ജനറൽ സെക്രട്ടറി**
**സ: എസ്. മുരളീകൃഷ്ണപ്പിള്ള**